**<u>സർക്കുലർ</u>**

02/DGE/HSE/NSS/2020 04/03/2020

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 2019-20 ലെ ഗ്രേസ് മാർക്ക് iExams-DHSE(www.dhsems.kerala.gov.in)വഴി പ്രോഗ്രാം ഓഫീസർമാരാണ് എൻട്രി നടത്തേണ്ടത്.

**<u>പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

പ്രിൻസിപ്പൽമാർ iExams-DHSE ൽ സ്കൂൾ കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഗ്രേസ് എൻട്രി ഡ്യൂട്ടി അലോക്കേഷനിൽ സെലക്ട് റ്റീച്ചറിൽ പ്രോഗ്രാം ഓഫീസറുടെ പേരും സെല്ക്ട് ഏജൻസിയിൽ എൻഎസ്എസ് ഉം സെല്ക്ട് ചെയ്ത് സേവ് ചെയ്യണം.






ഗ്രേസ് സെലക്ട് ചെയ്ത് എൻഎസ്എസ് ക്യാമ്പ് ഡീറ്റെയിൽസ് സെലക്ട് ചെയ്യണം. 50 വോളണ്ടിയർമാരും ഒരു ക്യാമ്പിലാണ് പങ്കെടുത്തതെങ്കിൽ ആ ക്യാമ്പിന്റെ ഡീറ്റെയിൽസും വോളണ്ടിയർമാരുടെ എണ്ണവും കൊടുക്കണം. സ്കൂൾ ട്രാൻസ്ഫർമുഖേനയോ ഒന്നാം വർഷം പങ്കെടുക്കാൻ സാധിക്കാതെ രണ്ടാം വർഷം പങ്കെടുത്ത വോളണ്ടിയർമാരുണ്ടെങ്കിൽ ആ ക്യാമ്പിന്റെ ഡീറ്റെയിൽസ് Add New ബട്ടൺ അമർത്തി നൽകേണ്ടതാണ്.




പ്രോഗ്രാം ഓഫീസർമാർ ഗ്രേസ് മാർക്ക് എൻട്രി നടത്തിയതിനുശേഷം പ്രിൻസിപ്പൽ iExams-DHSE ൽ ഗ്രേസ് സെലക്ട് ചെയ്ത് Second Year Gracemark Verification സെലക്ട് ചെയത് വെരിഫൈ ചെയ്താൽ മാത്രമേ ഗ്രേസ് മാർക്ക് എൻട്രി പൂർത്തിയാകുകയുള്ളൂ.

ഗ്രേസ് മാർക്ക് എൻട്രി എൻഎസ്എസ് സെല്ലിൽ നൽകിയ അഫിഡവിറ്റുമായി പരിശോധിക്കുമ്പോൾ തെറ്റായി എൻട്രി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ Grace Rejection list ൽ ഉൾപ്പെടും. തെറ്റായി എൻട്രി നടത്തിയത് വീണ്ടും പ്രോഗ്രാം ഓഫീസർ ശരിയാക്കി പ്രിൻസിപ്പൽ വെരിഫൈ ചെയ്ത് എൻഎസ്എസ് സെൽ അംഗീകരിച്ചാൽ മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ. ആയതിനാൽ **ഗ്രേസ് മാർക്ക് എൻട്രി ചെയ്യുമ്പോൾ ശരിയാണെന്ന് ഉറപ്പുവരുത്തിയതുമാത്രമേ പ്രിൻസിപ്പൽ വെരിഫൈ ചെയ്യാൻ പാടുള്ളൂ.**

**<u>പ്രോഗ്രാം ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

പ്രിൻസിപ്പൽമാർ ഗ്രേസ് മാർക്ക് എൻട്രി ഡ്യൂട്ടി അലോക്കേഷൻ ചെയ്ത് കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസറുടെ PEN Number ഉപയോഗിച്ച് iExams-DHSE ൽ ഗ്രേസ് മാർക്ക് എൻട്രി നടത്തേണ്ടതാണ്.

Second Year Grace Mark Entry സെലക്ട് ചെയ്ത് Add New കൊടുത്ത് രജിസ്റ്റർ നമ്പർ എന്റർ ചെയ്യുമ്പോൾ വോളണ്ടിയറുടെ പേര് കാണാൻ സാധിക്കും. പേരും ഇനിഷ്യലും രജിസ്റ്റർ നമ്പറും ശരിയാണെന്ന് ഉറപ്പുവരുത്തിയ ശേഷം ഏജൻസിയിൽ എൻഎസ്എസ് സെലക്ട് ചെയ്യണം. ഐറ്റത്തിൽ എൻഎസ്എസ് സർട്ടിഫിക്കറ്റ് സെലക്ട് ചെയ്യണം. നാഷണൽ ക്യാമ്പിൽ പങ്കെടുത്ത വോളണ്ടിയർമാർക്ക് മാത്രം National Camp Participation സെലക്ട് ചെയ്യണം. Grade ൽ 2% grace mark ന് അർഹരായവർക്ക് NSS Volunteer ഉം 3% grace mark ന് അർഹരായവർക്ക് National Camp ഉം സെല്ക്ട് ചെയ്യണം. NSS Camp Venue സെല്ക്ട് ചെയ്യണം. ഇതേ രീതിയിൽ എല്ലാ വോളണ്ടിയർമാരുടെയും (Add New എന്റർ ചെയ്ത്) ഡീറ്റെയിൽസ് എന്റർ ചെയ്യണം.

പ്രോഗ്രാം ഓഫീസർ ഗ്രേസ് മാർക്ക് എൻട്രി പൂർത്തീകരിച്ചശേഷം പ്രിൻസിപ്പൽ iExams-DHSE ൽ Second Year Grace mark വെരിഫൈ ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**എൻഎസ്എസ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനുവേണ്ടി എത്രയും വേഗം ഗ്രേസ് മാർക്ക് എൻട്രിയും വെരിഫിക്കേഷനും പൂർത്തിയാക്കേണ്ടതാണ്.**

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ